പതിനാലാം കേരള നിയമസഭ

ഏഴാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 697** — **08.08.2017 ൽ മറുപടിക്ക്**

## ദേവസ്വം ബോർഡ് ഉദ്യോഗസ്ഥർക്കെതിരായ വിജിലൻസ് കേസുകൾ

| ചോദ്യം | മറുപടി |
|---|---|
| **ശ്രീമതി. അയിഷാപോറ്റി** | **ശ്രീ. കടകംപള്ളി സുരേന്ദ്രൻ**<br>**(സഹകരണവും ടൂറിസവും ദേവസ്വവും വകുപ്പ് മന്ത്രി)** |
| (എ) തിരുവിതാംകൂർ ദേവസ്വം ബോർഡിൽ അഴിമതി നടത്തിയതുമായി ബന്ധപ്പെട്ട് ഏതെല്ലാം ഉദ്യോഗസ്ഥർക്കെതിരെ വിജിലൻസ് കേസുകൾ നിലവിലുണ്ടെന്ന് വിശദമാക്കാമോ; | (എ) തിരുവിതാംകൂർ ദേവസ്വം ബോർഡിൽ അഴിമതി നടത്തിയതുമായി ബന്ധപ്പെട്ട് താഴെപ്പറയുന്ന ഉദ്യോഗസ്ഥർക്കെതിരെയാണ് വിജിലൻസ് കേസുകൾ നിലവിലുള്ളത്.<br>1 ശ്രീമതി. എസ്.പാർവ്വതി — തിരുവാഭരണം കമ്മീഷണർ, (റിട്ട.)<br>2 ശ്രീ. ഗോപകുമാർ — അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ തിരുവല്ലം ദേവസ്വം.<br>3 ശ്രീ. കെ. രാജൻ — അസിസ്റ്റന്റ് ദേവസ്വം അക്കൗണ്ട്സ് ഓഫീസർ, കൊട്ടാരക്കര (റിട്ട.)<br>4 ശ്രീ. വിജയകുമാരൻ നായർ — സബ് ഗ്രൂപ്പ് ഓഫീസർ, (റിട്ട.)<br>5 ശ്രീമതി. എസ്. ശ്രീലത — അസിസ്റ്റന്റ് ദേവസ്വം അക്കൗണ്ട്സ് ഓഫീസർ, കൊട്ടാരക്കര (റിട്ട.) |
| (ബി) പ്രസ്തുത കേസുകളുടെ നിലവിലെ സ്ഥിതി എന്താണ്; | (ബി) വിവരം ശേഖരിച്ചു വരുന്നു. |
| (സി) ശബരിമല ക്ഷേത്രത്തിലേക്ക് പാത്രങ്ങൾ വാങ്ങിയതുമായി ബന്ധപ്പെട്ട് ക്രമക്കേടുകൾ നടന്നതായി ശ്രദ്ധയിൽപ്പെട്ടിരുന്നോ; ആയതിൽ സ്വീകരിച്ച തുടർനടപടികൾ വിശദമാക്കാമോ? | (സി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ശബരിമല ക്ഷേത്രത്തിലേക്ക് പാത്രങ്ങൾ വാങ്ങിയതുമായി ബന്ധപ്പെട്ട് ആ കാലയളവിൽ ശബരിമല അഡ്മിനിസ്ട്രേറ്റീവ് ഓഫീസറായിരുന്ന ഉദ്യോഗസ്ഥനെ സസ്പെന്റ് ചെയ്തിട്ടുള്ളതും ടി കാലയളവിൽ എക്സിക്യൂട്ടീവ് ഓഫീസർ ആയിരുന്ന ഉദ്യോഗസ്ഥനെ അവധിയിൽ പ്രവേശിക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുള്ളതുമാണ്. ടി വിഷയവുമായി ബന്ധപ്പെട്ട് സ്റ്റേറ്റ് ആഡിറ്റ് വിഭാഗത്തിന്റെ ആഡിറ്റ് റിപ്പോർട്ടിന്മേൽ അന്വേഷണം നടത്തി വിശദമായ റിപ്പോർട്ട് സമർപ്പിക്കുവാൻ ദേവസ്വം കമ്മീഷണറെ ചുമതലപ്പെടുത്തിയിട്ടുള്ളതുമാണ്. |

സെക്ഷൻ ഓഫീസർ